**മധുരമായ കുട്ടികളേ– തൂവൽ വെച്ച കിരീടധാരിയായി മാറുന്നതിനായി തന്റെ അവസ്ഥയെ അചഞ്ചലവും ദൃഢവുമാക്കി മാറ്റൂ, നിങ്ങളെ എത്രത്തോളം കളങ്കപ്പെടുത്തുന്നുവോ, അത്രത്തോളം നിങ്ങൾ പീലി വെച്ച കിരീടധാരിയായി മാറുകയാണ്.**

**ചോദ്യം–** ബാബയുടെ ആജ്ഞ എന്താണ്? ഏത് മുഖ്യമായ ആജ്ഞ അനുസരിച്ച് നടക്കുന്ന കുട്ടികളാണ് ഹൃദയസിംഹാസനധാരിയായി മാറുന്നത്?
**ഉത്തരം–** ബാബയുടെ ആജ്ഞയാണ്– മധുരമായ കുട്ടികളേ, നിങ്ങൾ ആരുമായും ഏറ്റുമുട്ടരുത്. ശാന്തമായിരിക്കണം. അഥവാ ആർക്കെങ്കിലും നിങ്ങളുടെ വാക്കുകൾ ഇഷ്ടപ്പെടുന്നില്ലെങ്കിൽ നിങ്ങൾ മിണ്ടാതിരിക്കു. മറ്റുള്ളവർക്ക് പ്രശ്നമാകരുത്. എപ്പോഴാണോ ഉള്ളിൽ ഒരു ഭൂതംപോലും ഇല്ലാതാകുന്നത്, വായിൽ നിന്നും ഒരിയ്ക്കലും കയ്പ്പുള്ള വാക്കുകൾ വരാതിരിക്കുന്നത്, മധുരമായ വാക്കുകൾ ജീവിതത്തിലെ ധാരണയാകുന്നത്, അപ്പോഴേ ബാപ്ദാദയുടെ ഹൃദയസിംഹാസനം നേടാൻ കഴിയൂ.

**ഓംശാന്തി**. ഭഗവാന്റെ വാക്കുകളാണ്, ആത്മാഭിമാനിയായി ഭവിയ്ക്കട്ടെ– ഇത് തീർച്ചയായും ആദ്യംതന്നെ പറയേണ്ടിവരും. ഇത് കുട്ടികൾക്കുള്ള മുന്നറിയിപ്പാണ്. ബാബ പറയുന്നു ഞാൻ കുട്ടികളേ കുട്ടികളേ എന്ന് വിളിക്കുമ്പോൾ ആത്മാക്കളേയാണ് കാണുന്നത്, ശരീരം പഴയ ചെരിപ്പാണ്. ശരീരത്തിന് സതോപ്രധാനമാകാൻ സാധിക്കില്ല. സതോപ്രധാനമായ ശരീരം സത്യയുഗത്തിലേ ലഭിക്കൂ. ഇപ്പോൾ നിങ്ങളുടെ ആത്മാവ് സതോപ്രധാനമാവുകയാണ്. ശരീരം പഴയതുതന്നെയാണ്. ഇപ്പോൾ നിങ്ങൾക്ക് നിങ്ങളുടെ ആത്മാവിനെ നേരെയാക്കണം. പവിത്രമായി മാറണം. സത്യയുഗത്തിൽ ശരീരവും പവിത്രമായത് ലഭിക്കും. ആത്മാവിനെ ശുദ്ധമാക്കുന്നതിനായി ഒരേ ഒരു ബാബയെ ഓർമ്മിക്കണം. ബാബയും ആത്മാവിനെയാണ് നോക്കുന്നത്. കേവലം നോക്കുന്നതുകൊണ്ട് ആത്മാവ് ശുദ്ധമാകില്ല. എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുവോ അത്രത്തോളം ആത്മാവ് ശുദ്ധമായി മാറും. ഇത് നിങ്ങളുടെ ജോലിയാണ്. ബാബയെ ഓർമ്മിച്ച് ഓർമ്മിച്ച് സതോപ്രധാനമായി മാറണം. ബാബ വന്നിരിക്കുന്നത് വഴി പറഞ്ഞുതരാനാണ്. ഈ ശരീരം അവസാനം വരെ പഴയതായിത്തന്നെ ഇരിക്കും. ഇത് കേവലം കർമ്മേന്ദ്രിയങ്ങളാണ്, ഇതുമായി ആത്മാവിന് ബന്ധമുണ്ട്. ആത്മാവ് പുഷ്പമായി മാറും പിന്നീട് കർത്തവ്യവും നല്ലതായിരിക്കും ചെയ്യുക. അവിടെ പക്ഷി മൃഗാദികൾ പോലും വളരെ നന്നായിരിക്കും. ഇവിടെയാണെങ്കിൽ പക്ഷികൾ മനുഷ്യനെ കാണുമ്പോൾ പേടിച്ചോടുന്നു, അവിടെയാണെങ്കിൽ നല്ല നല്ല പക്ഷികൾ നിങ്ങളുടെ മുന്നിലും പിന്നിലും ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കും അതും നിയമം അനുസരിച്ച്. വീട്ടിനുള്ളിലേയ്ക്ക് കയറിവന്ന് അഴുക്കാക്കിയിട്ട് പോകുകയൊന്നുമില്ല. അത് വളരെ നിയമം അനുസരിക്കുന്ന ലോകമാണ്. മുന്നോട്ട് പോകവേ നിങ്ങൾക്ക് ഒരുപാട് സാക്ഷാത്ക്കാരങ്ങൾ ലഭിക്കും. ഇപ്പോൾ വളരെ വലിയ മാർജിനുണ്ട്. സ്വർഗ്ഗത്തിന്റെ മഹിമ അപരം അപാരമാണ്. ബാബയുടെ മഹിമ അപരം അപാരമാണ് അതിനാൽ ബാബയുടെ സമ്പത്തിന്റെ മഹിമയും അപരം അപാരമാണ്. കുട്ടികൾക്ക് എത്ര ലഹരി കയറണം. ബാബ പറയുന്നു ആരാണോ സേവനം ചെയ്യുന്ന ആത്മാക്കൾ അവരെയാണ് ഞാൻ ഓർമ്മിക്കുന്നത്, സ്വതവേ അവരുടെ ഓർമ്മ വരുന്നു. ആത്മാവിൽ മനസ്സും ബുദ്ധിയും ഉണ്ടല്ലോ. ഞാൻ ഫസ്റ്റ് ക്ലാസ് സേവനമാണോ ചെയ്യുന്നത് അതോ സെക്കൻഡ് ക്ലാസാണോ എന്നത് മനസ്സിലാക്കാൻ സാധിക്കും. ഇതെല്ലാം നമ്പർവൈസായാണ് മനസ്സിലാക്കുന്നത്. ചിലർ മ്യൂസിയം നിർമ്മിക്കുന്നു, പ്രസിഡന്റ്, ഗവർണർ മുതലായവരെ സമീപിക്കുന്നു. തീർച്ചയായും നല്ല രീതിയിൽ മനസ്സിലാക്കിക്കൊടുക്കുന്നുണ്ടാകും. എല്ലാവരിലും അവരവരുടേതായ ഗുണമുണ്ട്. ആരിലെങ്കിലും നല്ല ഗുണങ്ങളുണ്ടെങ്കിൽ ഇവർ എത്ര ഗുണവാനാണ് എന്ന് പറയാറുണ്ട്. ആരാണോ സേവനയുക്തർ അവർ സദാ മധുരമായാണ് സംസാരിക്കുക. കയ്പ്പുള്ള വാക്കുകൾ പറയാൻ സാധിക്കില്ല. ആരാണോ കയ്പ്പുള്ള വാക്കുകൾ സംസാരിക്കുന്നത് അവരുടെയുള്ളിൽ ഭൂതമുണ്ട്. ദേഹാഭിമാനമാണ് നമ്പർവൺ, പിന്നീട് അതിനുപിന്നാലെ മറ്റ് ഭൂതങ്ങൾ പ്രവേശിക്കുന്നു.

മനുഷ്യർ വളരെ മോശമായും പെരുമാറുന്നു. ബാബ പറയുന്നു, ആ പാവങ്ങളുടെ ദോഷമല്ല. നിങ്ങൾ എങ്ങനെയാണോ കല്പം മുമ്പ് പരിശ്രമിച്ചത് അതുപോലെ പരിശ്രമിക്കണം, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കു എങ്കിൽ പതുക്കെ പതുക്കെ മുഴുവൻ വിശ്വത്തിന്റേയും അധികാരം നിങ്ങളുടെ കൈകളിലേയ്ക്ക് വരും. ഡ്രാമയുടെ ചക്രമാണ്, സമയവും ശരിയായി പറഞ്ഞുതരുന്നു. ഇനി കുറച്ച് സമയമേ ബാക്കിയുള്ളൂ. ബ്രിട്ടീഷുകാർ സ്വാതന്ത്ര്യം നൽകുമ്പോൾ രണ്ട് കഷ്ണങ്ങളാക്കിയാണ് നൽകിയത്, പരസ്പരം അടിച്ചുകൊണ്ടിരിക്കട്ടെ. ഇല്ലെങ്കിൽ പിന്നെ അവരുടെ വെടിക്കോപ്പുകൾ ആര് വാങ്ങും. ഇതും അവരുടെ വ്യാപാരമല്ലേ. ഡ്രാമ അനുസരിച്ച് ഇതും അവരുടെ തന്ത്രമാണ്. ഇവിടെയും

കഷ്ണം കഷ്ണമാക്കി. അവർ പറയുന്നു ഈ ഭാഗം ഞങ്ങൾക്ക് ലഭിക്കണം, ഓഹരി വെക്കൽ പൂർണ്ണമല്ല, ഈ ഭാഗത്തേയ്ക്ക് വെള്ളം കൂടുതലായി പോകുന്നുണ്ട്, കൃഷി ഒരുപാടുണ്ട്, മറുഭാഗത്ത് വെള്ളം കുറവാണ്. പരസ്പരം കലഹിക്കുന്നു, പിന്നെ ആഭ്യന്തരകലഹം ഉണ്ടാകുന്നു. ലഹള ഒരുപാട് ഉണ്ടാകുന്നു. നിങ്ങൾ എപ്പോഴാണോ ബാബയുടെ കുട്ടികളായി മാറിയത് അപ്പോൾ നിങ്ങൾക്കും ഒരുപാട് ഗ്ലാനികൾ കേൾക്കേണ്ടതായി വന്നു. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്– നിങ്ങൾ പീലി വെച്ച കിരീടധാരിയായി മാറുകയാണ്. എങ്ങനെയാണോ ബാബയെ ഗ്ലാനി ചെയ്യുന്നത് അതുപോലെ നിങ്ങളേയും ഗ്ലാനി ചെയ്യുന്നു. നിങ്ങൾക്ക് അറിയാം ഈ പാവങ്ങൾക്ക് അറിയില്ല ബാബ നമ്മെ വിശ്വത്തിന്റെ അധികാരികളാക്കി മാറ്റുകയാണ് എന്നത്. 84 ജന്മങ്ങളുടെ കാര്യം വളരെ സഹജമാണ്. നിങ്ങൾ തന്നെയായിരുന്നു പൂജ്യർ പൂജാരികളായി മാറിയതും നിങ്ങൾ തന്നെയാണ്. അഥവാ ആരുടേയെങ്കിലും ബുദ്ധിയിൽ ഇത് ധാരണയാവുന്നില്ലെങ്കിൽ അർത്ഥം ഇതാണ്, ഡ്രാമയിലെ അവരുടെ പാർട്ട് അങ്ങനെയുള്ളതാണ്. എന്ത് ചെയ്യാൻ പറ്റും. എത്രതന്നെ തലയിട്ട് ഉടച്ചാലും ഉയരാൻ സാധിക്കില്ല. യുക്തികൾ ഉപയോഗിക്കുന്നുണ്ട് പക്ഷേ അവരുടെ ഭാഗ്യത്തിലില്ല. രാജധാനി സ്ഥാപിക്കുകയാണ്, അതിൽ എല്ലാവരും വേണം. ഇങ്ങനെ കരുതി ശാന്തമായിരിക്കണം. ആരോടും തർക്കിക്കരുത്. ഇങ്ങനെ ചെയ്യരുത് എന്ന് സ്നേഹത്തോടെ മനസ്സിലാക്കിക്കൊടുക്കണം. ഇത് ആത്മാവ് കേൾക്കുന്നുണ്ട് അതിനാൽ പിന്നെയും പദവി താഴ്ന്നുപോകും. ചിലർക്ക് നല്ലകാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കിക്കൊടുത്താലും അവർ അശാന്തരായിമാറും, എങ്കിൽ വിട്ടുകളയണം. സ്വയം ഇങ്ങനെയാണെങ്കിൽ മറ്റുള്ളവരെ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കും. ഇത് അവസാനം വരെ ഉണ്ടാകും. മായയും ദിനംപ്രതിദിനം ശക്തിശാലിയായി മാറും. മഹാരഥികളോട് മായയും മഹാരഥിയായാണ് യുദ്ധം ചെയ്യുക. മായയുടെ കൊടുങ്കാറ്റ് വരുന്നു പിന്നീട് ബാബയെ ഓർമ്മിക്കുന്നത് അഭ്യസിക്കുന്നു, തീർത്തും അചഞ്ചലവും ദൃഢവുമാകുന്നു. മായ ഭയപ്പെടുത്തും എന്ന് മനസ്സിലാക്കുന്നു. പേടിക്കരുത്. പീലി വെച്ച കിരീടധാരികളാവുന്നവർക്ക് ഗ്ലാനിയും ലഭിക്കും, ഇതിൽ വിഷമിക്കരുത്. പത്രക്കാർ എന്തുവേണമെങ്കിലും എതിരായി എഴുതും കാരണം പവിത്രതയുടെ കാര്യമാണ്. അബലകളുടെമേൽ അത്യാചാരമുണ്ടാകും. അകാസുരൻ– ബകാസുരൻ എന്ന് പേരുകളുമുണ്ട്. ശൂർപ്പണക, പൂതന എന്ന് സ്ത്രീകളുടെ പേരുമുണ്ട്.

ഇപ്പോൾ കുട്ടികൾ ആദ്യമാദ്യം അച്ഛന്റെ മഹിമയാണ് കേൾപ്പിക്കുന്നത്. പരിധിയില്ലാത്ത ബാബ പറയുകയാണ് നിങ്ങൾ ആത്മാവാണ്. ഈ ജ്ഞാനം ഒരേയൊരു ബാബയ്ക്കല്ലാതെ മറ്റാർക്കും നൽകാൻ സാധിക്കില്ല. രചയിതാവിന്റേയും രചനയുടേയും ജ്ഞാനമാണ് പഠിപ്പ്, ഇതിലൂടെ നിങ്ങൾ സ്വദർശനചക്രധാരിയായി മാറി ചക്രവർത്തീ രാജാവാകുന്നു. അലങ്കാരങ്ങളും നിങ്ങളുടേതാണ് പക്ഷേ നിങ്ങൾ ബ്രാഹ്മണർ പുരുഷാർത്ഥികളാണ് അതിനാൽ ഈ അലങ്കാരങ്ങൾ വിഷ്ണുവിന് നൽകി. ആത്മാവ് എന്താണ്, പരമാത്മാവ് ആരാണ് ഈ കാര്യങ്ങൾ ആർക്കും പറഞ്ഞുതരാൻ കഴിയില്ല. ആത്മാവ് എവിടെ നിന്നാണ് വന്നത്, എങ്ങനെയാണ് ശരീരം വിടുന്നത്, ചിലപ്പോൾ പറയും കണ്ണുകളിലൂടെ പുറത്തേയ്ക്ക് പോയി, ചിലപ്പോൾ പറയും ഭൃകുടിയിൽ നിന്നും പുറത്തുപോയി, ചിലപ്പോൾ പറയും തലവഴിയാണ് പോയത്. ഇത് ആർക്കും അറിയാൻ കഴിയില്ല. ആത്മാവ് എങ്ങനെയാണ് ശരീരം ഉപേക്ഷിക്കുന്നത്– ഇത് ഇപ്പോൾ നിങ്ങൾക്ക് അറിയാം, ഇരുന്ന ഇരുപ്പിൽ ബാബയുടെ ഓർമ്മയിൽ ദേഹത്തെ ത്യാഗം ചെയ്യും. ബാബയുടെ അടുത്തേയ്ക്ക് സന്തോഷത്തോടെ പോകണം. പഴയ ശരീരം സന്തോഷത്തോടെ ഉപേക്ഷിക്കണം. സർപ്പത്തിന്റെ ഉദാഹരണം പോലെ. മൃഗങ്ങൾക്കുള്ളത്ര ബുദ്ധിപോലും മനുഷ്യർക്കില്ല. സന്യാസിമാർ ദൃഷ്ടാന്തം നൽകുകയാണ്. ബാബ പറയുന്നു നിങ്ങൾക്ക് ഇങ്ങനെയായി മാറണം എങ്ങനെയാണോ ബ്രഹ്മരി കീടങ്ങളെ പരിവർത്തനം ചെയ്യുന്നത്, നിങ്ങൾക്കും മനുഷ്യരൂപത്തിലുള്ള കീടങ്ങളെ പരിവർത്തനപ്പെടുത്തണം. കേവലം ദൃഷ്ടാന്തം നൽകുകയല്ല പ്രാക്ടിക്കലായി ചെയ്യണം. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് തിരിച്ച് വീട്ടിലേയ്ക്ക് പോകണം. നിങ്ങൾ ബാബയിൽ നിന്നും സമ്പത്ത് നേടുകയാണ് അതിനാൽ ഉള്ളിന്റെയുള്ളിൽ സന്തോഷമുണ്ടാകണം. അവർക്കാണെങ്കിൽ സമ്പത്ത് എന്താണ് എന്നത് അറിയുകപോലുമില്ല. ശാന്തി എല്ലാവർക്കും ലഭിക്കും, എല്ലാവരും ശാന്തിധാമത്തിലേയ്ക്ക് പോകും. സർവ്വരുടേയും സദ്ഗതി ചെയ്യാൻ ബാബയ്ക്കല്ലാതെ മറ്റാർക്കും സാധിക്കില്ല. നിങ്ങളുടേത് നിവൃത്തി മാർഗ്ഗമാണ്, നിങ്ങൾ ബ്രഹ്മത്തിൽ ലയിക്കുന്നതിനുള്ള പുരുഷാർത്ഥമാണ് ചെയ്യുന്നത് എന്നതും മനസ്സിലാക്കിക്കൊടുക്കണം. ബാബയാണെങ്കിൽ പ്രവൃത്തി മാർഗ്ഗമാണ് സ്ഥാപിക്കുന്നത്. നിങ്ങൾക്ക് സത്യയുഗത്തിലേയ്ക്ക് വരാൻ കഴിയില്ല. നിങ്ങൾക്ക് ഈ ജ്ഞാനം ആർക്കും മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കില്ല. ഇത് വളരെ ഗുപ്തമായ കാര്യമാണ്. ആദ്യം അല്ലാഹുവിനെയും സമ്പത്തിനേയും മനസ്സിലാക്കിക്കൊടുക്കണം. പറയൂ– നിങ്ങൾക്ക് രണ്ട് അച്ഛന്മാരുണ്ട് ഒന്ന് പരിധിയുള്ളതും രണ്ടാമത് പരിധിയില്ലാത്തതും. പരിധിയുള്ള അച്ഛന്റെ അടുത്ത് ജന്മമെടുക്കുന്നത് വികാരത്തിലൂടെയാണ്. എത്രയധികം ദുഃഖമാണ് ലഭിക്കുന്നത്. സത്യയുഗത്തിലാണെങ്കിൽ അപാരസുഖം ലഭിക്കുന്നു. അവിടെ ജന്മം തന്നെ വെണ്ണയ്ക്കുസമാനമാണ്. ദുഃഖത്തിന്റെ ഒരു കാര്യവുമില്ല. പേരുതന്നെ സ്വർഗ്ഗമെന്നാണ്. പരിധിയില്ലാത്ത ബാബയിൽ നിന്നും പരിധിയില്ലാത്ത ചക്ര

വർത്തീ പദവി ലഭിക്കുകയാണ്. ആദ്യം സുഖമാണ് പിന്നെയാണ് ദുഃഖം. ആദ്യം ദുഃഖം പിന്നെ സുഖം എന്നു പറയുന്നത് തെറ്റാണ്. ആദ്യം പുതിയ ലോകമാണ് സ്ഥാപിക്കുക, പഴയതല്ല. എന്താ ആരെങ്കിലും പഴയ കെട്ടിടം നിർമ്മിക്കുമോ. പുതിയലോകത്തിൽ രാവണൻ ഉണ്ടാവുക എന്നത് സാധ്യമല്ല. ഇതും ബാബ മനസ്സിലാക്കിത്തരുകയാണ് അതിനാൽ ബുദ്ധിയിൽ യുക്തികൾ ഉണ്ടാവണം. പരിധിയില്ലാത്ത ബാബ പരിധിയില്ലാത്ത സുഖം നൽകുകയാണ്. നിങ്ങൾ വരൂ എങ്കിൽ എങ്ങനെയാണ് ഭഗവാൻ സുഖം നൽകുന്നത് എന്ന് മനസ്സിലാക്കിത്തരാം. പറയുന്നതിനും യുക്തിവേണം. ദുഃഖധാമത്തിലെ ദുഃഖങ്ങളുടെ സാക്ഷാത്ക്കാരവും നിങ്ങൾ ചെയ്യിക്കൂ. എത്രയധികം ദുഃഖമാണ്, അളവില്ലാത്തതാണ്. പേരുതന്നെ ദുഃഖധാമമെന്നാണ്. ഇതിനെ സുഖധാമമെന്ന് വിളിക്കാൻ ആർക്കും കഴിയില്ല. സുഖധാമത്തിൽ ശ്രീകൃഷ്ണനുണ്ടാകും. കൃഷ്ണന്റെ ക്ഷേത്രത്തേയും സുഖധാമം എന്നു പറയാറുണ്ട്. സുഖധാമത്തിന്റെ അധികാരിയായിരുന്ന കൃഷ്ണനാണ് ക്ഷേത്രങ്ങളിൽ ഇപ്പോൾ പൂജയുണ്ടാകുന്നത്. ഇപ്പോൾ ഈ ബാബ ലക്ഷ്മീ നാരായണന്റെ ക്ഷേത്രത്തിലേയ്ക്ക് പോവുകയാണെങ്കിൽ ആഹാ എന്നുപറയും. ഞാനാണ് ഇതായി മാറുന്നത്. ഞാൻ ഇവരുടെ പൂജ ചെയ്യില്ല. നമ്പർ വൺ ആയിക്കഴിഞ്ഞാൽ സെക്കന്റിന്റേയും തേഡിന്റേയും പൂജ എന്തിന് ചെയ്യണം. ഞാൻ സൂര്യവംശിയാവുകയാണ്. മനുഷ്യർക്ക് ഇതുവല്ലതും അറിയുമോ. അവരാണെങ്കിൽ എല്ലാവരേയും ഭഗവാൻ എന്നു പറഞ്ഞുകൊണ്ടിരിക്കുന്നു. എത്ര അന്ധകാരമാണ്. നിങ്ങൾ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കിക്കൊടുക്കുന്നത്. സമയം എടുക്കുന്നു. എത്ര സമയം കല്പം മുമ്പ് എടുത്തോ അത്രയും എടുക്കും, പെട്ടെന്ന് ഒന്നും ചെയ്യാൻ കഴിയില്ല. നിങ്ങളുടെ ഇപ്പോഴുള്ള ജന്മം വജ്രസമാനമാണ്. ദേവതകളുടെ ജന്മത്തെപ്പോലും വജ്രസമാന ജീവിതം എന്നു പറയാൻ സാധിക്കില്ല. അവർ ഈശ്വരീയ പരിവാരത്തിലല്ലല്ലോ. ഇത് നിങ്ങളുടെ ഈശ്വരീയ പരിവാരമാണ്. അത് ദൈവീക പരിവാരമാണ്. എത്ര പുതിയ പുതിയ കാര്യങ്ങളാണ്. ഗീതയിലുള്ളത് ആട്ടയിൽ ഉപ്പിട്ടതുപോലെയാണ്. കൃഷ്ണന്റെ പേരിട്ട് എത്ര വലിയ തെറ്റാണ് ചെയ്തത്. പറയൂ, നിങ്ങൾ ദേവതകളെ ദേവതാ എന്നല്ലേ വിളിക്കുന്നത് പിന്നീട് കൃഷ്ണനെ എന്തിനാണ് ഭഗവാൻ എന്ന് വിളിക്കുന്നത്. വിഷ്ണു ആരാണ്? ഇതും നിങ്ങൾ മനസ്സിലാക്കുന്നു. മനുഷ്യരാണെങ്കിൽ അറിവില്ലാതെ പൂജ ചെയ്തുകൊണ്ടിരിക്കുന്നു. പ്രാചീനത്തിൽ ദേവീ ദേവന്മാരായിരുന്നു അവരാണ് സ്വർഗ്ഗം ഭരിച്ചുപോയത്. സതോ, രജോ, തമോയിലേയ്ക്ക് എല്ലാവർക്കും വരണം. ഈ സമയത്ത് എല്ലാവരും തമോപ്രധാനമാണ്. കുട്ടികൾക്ക് വളരെ അധികം പോയിന്റ്സ് മനസ്സിലാക്കിത്തരുന്നുണ്ട്. ബാഡ്ജ് ഉപയോഗിച്ചും നിങ്ങൾക്ക് വളരെ നന്നായി മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. അച്ഛനേയും പഠിപ്പിക്കുന്ന ടീച്ചറേയും ഓർമ്മിക്കണം. പക്ഷേ മായയുടെ പിടിവലിയും നടന്നുകൊണ്ടിരിക്കുന്നു. വളരെ നല്ല നല്ല പോയിന്റ്സ് വന്നുകൊണ്ടിരിക്കുന്നു. അഥവാ കേൾക്കുന്നില്ലെങ്കിൽ പിന്നെങ്ങിനെ കേൾപ്പിക്കാൻ സാധിക്കും. സാധാരണയായി വലിയ മഹാരഥികൾ എവിടേയ്ക്കെങ്കിലും പോവുകയാണെങ്കിൽ മുരളി മിസ്സാക്കുന്നു, പിന്നീട് പഠിക്കുന്നില്ല. വയറ് നിറഞ്ഞിരിക്കുകയാണ്. ബാബ പറയുന്നു എത്ര ഗുഹ്യമായ കാര്യങ്ങളാണ് നിങ്ങളെ കേൾപ്പിക്കുന്നത്, അതെല്ലാം കേട്ട് ധാരണ ചെയ്യണം. ധാരണ ചെയ്തില്ലെങ്കിൽ അപകമായിരിക്കും. വളരെയധികം കുട്ടികൾ വിചാര സാഗര മഥനം ചെയ്ത് നല്ല നല്ല പോയിന്റ്സ് കേൾപ്പിക്കുന്നുണ്ട്. ബാബ കാണുന്നുണ്ട്, കേൾക്കുന്നുണ്ട് എങ്ങനെയുള്ളതാണോ അവസ്ഥ അതിനനുസരിച്ച് പോയിന്റ്സ് പുറത്ത് കൊണ്ടുവരാൻ സാധിക്കും. ഇതുവരെ ഇവർ പറയാത്ത പോയിന്റ്സ് പോലും സേവനയുക്തരായ കുട്ടികൾ കണ്ടുപിടിക്കുന്നു. സേവനത്തിൽത്തന്നെ മുഴുകിയിരിക്കുന്നു. മാഗസീനിലും വളരെ നല്ല പോയിന്റ്സ് ഇടുന്നു.

അതിനാൽ നിങ്ങൾ കുട്ടികൾ വിശ്വത്തിന്റെ അധികാരികളാവുകയാണ്. ബാബ എത്ര ഉയർന്നവരാക്കി മാറ്റുന്നു, മുഴുവൻ വിശ്വത്തിന്റേയും കടിഞ്ഞാൺ നിങ്ങളുടെ കൈകളിലായിരിക്കും എന്ന് ഗീതയിലും ഉണ്ടല്ലോ. ആർക്കും തട്ടിയെടുക്കാൻ സാധിക്കില്ല. ഈ ലക്ഷ്മീ നാരായണന്മാർ വിശ്വത്തിന്റെ അധികാരികളായിരുന്നില്ലേ. അവരെ പഠിപ്പിച്ചയാൾ തീർച്ചയായും ബാബയായിരിക്കും. ഇതും നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. അവർ എങ്ങനെയാണ് രാജപദവി പ്രാപ്തമാക്കിയത്? ക്ഷേത്രത്തിലെ പൂജാരികൾക്ക് അറിയുകയില്ല. നിങ്ങൾക്കാണെങ്കിൽ അളവില്ലാത്ത സന്തോഷം ഉണ്ടാകണം. ഈശ്വരൻ സർവ്വവ്യാപിയല്ല എന്നതും നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ കഴിയും. ഈ സമയത്ത് 5 ഭുതങ്ങളാണ് സർവ്വവ്യാപി. ഓരോരുത്തരിലും ഈ വികാരങ്ങളുണ്ട്. മായയ്ക്ക് 5 ഭുതങ്ങളുണ്ട്. മായ സർവ്വവ്യാപിയാണ്. പിന്നീട് നിങ്ങൾ ഈശ്വരനെ സർവ്വവ്യാപി എന്ന് പറയുന്നു. ഇത് തെറ്റല്ലേ. ഈശ്വരൻ എങ്ങനെ സർവ്വവ്യാപിയാകും. ഭഗവാൻ പരിധിയില്ലാത്ത സമ്പത്ത് നൽകുകയാണ് ചെയ്യുന്നത്. മുള്ളുകളെ പൂക്കളാക്കി മാറ്റുന്നു. മനസ്സിലാക്കിക്കൊടുക്കുന്നതിനുള്ള പരിശീലനവും കുട്ടികൾ ചെയ്യണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ

കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1. ആരെങ്കിലും അശാന്തി പരത്തുകയോ പ്രശ്നമുണ്ടാക്കുകയോ ചെയ്യുകയാണെങ്കിൽ നിങ്ങൾ ശാന്തമായിരിക്കണം. അഥവാ മനസ്സിലാക്കിക്കൊടുത്തിട്ടും ആർക്കെങ്കിലും സ്വയത്തെ തിരുത്താൻ സാധിക്കുന്നില്ലെങ്കിൽ അവരുടെ വിധി എന്നു പറയും എന്തെന്നാൽ രാജധാനിയുടെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്.

2. വിചാര സാഗര മനനം ചെയ്ത് ജ്ഞാനത്തിന്റെ പുതിയ പുതിയ പോയിന്റ്സ് കണ്ടെത്തി സേവനം ചെയ്യണം. ബാബ ദിവസവും മുരളിയിൽ കേൾപ്പിക്കുന്ന ഗുഹ്യമായ കാര്യങ്ങളെ ഒരിയ്ക്കലും നഷ്ടപ്പെടുത്തരുത്.

## വരദാനം:- പവിത്രതയെ ആദി-അനാദി വിശേഷ ഗുണത്തിന്റെ രൂപത്തിൽ സഹജമായി സ്വായത്തമാക്കുന്ന പൂജ്യ ആത്മാവായി ഭവിക്കട്ടെ.

പൂജ്യനീയരാകുന്നതിന്റെ വിശേഷ ആധാരം പവിത്രതയാണ്. എത്രയും സർവ്വ പ്രകാരത്തിലുള്ള പവിത്രത സ്വായത്തമാക്കുന്നുവോ അത്രയും സർവ്വ പ്രകാരത്തിൽ പൂജനീയരാകുന്നു. ആര് വിധിപൂർവ്വം ആദി-അനാദി വിശേഷ ഗുണങ്ങളുടെ രൂപത്തിൽ പവിത്രതയെ സ്വായത്തമാക്കുന്നുവോ അവർ തന്നെയാണ് വിധിപൂർവ്വം പൂജിക്കപ്പെടുന്നത്. ആരാണോ ജ്ഞാനീ-അജ്ഞാനി ആത്മാക്കളുടെ സമ്പർക്കത്തിൽ വന്ന് പവിത്രവൃത്തി, ദൃഷ്ടി, വൈബ്രേഷനിലൂടെ യഥാർത്ഥ സംബന്ധ-സമ്പർക്കം നിറവേറ്റുന്നത്, സ്വപ്നത്തിൽ പോലും പവിത്രത ഖണ്ഡിതമാകാത്തത്- അവർ തന്നെയാണ് വിധിപൂർവ്വം പൂജനീയരാകുന്നത്.

## സ്ലോഗൻ:- വ്യക്തത്തിലിരുന്നുകൊണ്ടും അവ്യക്ത ഫരിസ്തയായി സേവനം ചെയ്യൂ എങ്കിൽ വിശ്വമംഗളകാര്യം തീവ്രഗതിയിൽ സമ്പന്നമാകും.